ഏറ്റെടുക്കുന്ന പൊതുവായ പ്രവർത്തനങ്ങളെല്ലാം തന്നെ ഒച്ചിന്റെ വേഗതയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ കാര്യം പരിഗണിച്ച് ഉയർന്ന ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് ഭൂമി ഏറ്റെടുക്കുന്ന പരിപാടി ദ്രുതഗതിയിൽ മുന്നോട്ടു നീക്കാനും സജീവമാക്കാനും ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയെടുത്ത് അതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

മി. സ്പീക്കർ : അതിനുവേണ്ടി ഒരു ഉന്നതതല യോഗം കൂടാം. അത് നല്ലതാണ്.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ജപ്പാൻ സഹായത്തോടു കൂടിയുള്ള ഒ.ഇ.സി. പദ്ധതിയുടെ സ്ഥലമെടുപ്പിന് കണ്ണൂർ മാത്രമാണ് കംപ്ലീറ്റ് ചെയ്യാത്തത്. ബാക്കി കൊല്ലത്തും തിരുവനന്തപുരത്തും ചേർത്തലയിലുമൊക്കെ കംപ്ലീറ്റ് ചെയ്തു. മിക്ക സ്ഥലത്തും പ്രോബ്ളമില്ല എന്നാണ് എനിക്കു തന്നിട്ടുള്ള റിപ്പോർട്ട്. സ്ഥലമെടുപ്പിനെ സംബന്ധിച്ച എഗ്രിമെന്റ് തന്ന സമയത്തുതന്നെ യാതൊരു പ്രശ്നവുമില്ല എന്നാണ് ഉദ്യോഗസ്ഥൻമാർ എനിക്ക് ഉറപ്പ് നൽകിയിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ചേർത്തലയിൽ കംപ്ലീറ്റ് ചെയ്തിട്ടില്ല. അവിടെ പൊന്നുംവിലയ്ക്ക് എടുക്കാനുള്ള സ്ഥലം ഇതുവരെ എടുത്തിട്ടില്ല. കഴിഞ്ഞ കോൺഫറൻസിലും ഞാൻ അറ്റന്റ് ചെയ്തതാണ്. അതു കൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു റിവ്യൂ മീറ്റിംഗ് വയ്ക്കട്ടെ.

മി. സ്പീക്കർ : ചോദ്യം നമ്പർ 32.

സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെപ്പറ്റി പഠിക്കാൻ കർമ്മസമിതി

2 (*32) ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ വിവിധ ലാഭകേന്ദ്രങ്ങളായി പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ കർമ്മസമിതികളെ നിയമിച്ചിരുന്നുവോ :

(ബി) എങ്കിൽ ഈ കർമ്മസമിതികളുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ;

(സി) കർമ്മസമിതികളുടെ അപ്പക്സ് സമിതിയുടെ മീറ്റിംഗിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോർഡ് പുന:സംഘടന എന്നത്തേക്ക് ആരംഭിക്കും ; ഇതുമൂലം ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ;

(ഇ) വിവിധ ലാഭകേന്ദ്രങ്ങൾ നിലവിൽ വരുന്നതോടെ മീറ്ററിംഗ് സമ്പ്രദായം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതു വിധത്തിൽ ;

(എഫ്) താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

സർ, (എ) നിയമിച്ചിരിക്കുന്നു.

(ബി) കർമ്മസമിതികൾ അവയുടെ ശുപാർശകൾ അടങ്ങിയ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) അപ്പക്സ് സമിതി കർമ്മ സമിതിയുടെ റിപ്പോർട്ടുകൾ വിശദമായി പഠിച്ചു വരുന്നതേയുള്ളു.

(ഡി) ബോർഡ് പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 1-4-2000 മുതൽ ഘട്ടംഘട്ടമായി വിവിധ ലാഭകേന്ദ്രങ്ങളുടെ പ്രവർത്തനം പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പുന:സംഘടനയുടേയും പരിഷ്കാരങ്ങളുടേയും ഗുണഫലങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

ഉൽപാദനം, പ്രസരണം, വിതരണം എന്നീ ഓരോ ലാഭകേന്ദ്രത്തിലും ക്രയവിക്രയം നടത്തുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി കണക്കാക്കാൻ സാധിക്കുമെന്നതിനാൽ, വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത, സാമ്പത്തിക ക്ഷമത ഉത്തരവാദിത്വം എന്നിവ വ്യക്തമായി നിർണ്ണയിക്കാൻ കഴിയും. കാര്യക്ഷമതയും സാമ്പത്തിക ക്ഷമതയും വർദ്ധിപ്പിച്ചാൽ മറ്റ് ധനകാര്യസ്ഥാപനങ്ങൾ ബോർഡിൽ ധനനിക്ഷേപത്തിന് തയ്യാറാകും. ദീർഘ വീക്ഷണത്തോടെയുള്ള വികസനപ്രവർത്തനങ്ങൾ സമ്പദ്സ്ഥിതിയ്ക്കനുസൃതമായി ബോർഡിന് നടപ്പാക്കാൻ കഴിയും. നയപരമായ തീരുമാനങ്ങളും, പ്രായോഗിക നടപടികളും വെവ്വേറെ തട്ടുകളിലാക്കാൻ കഴിയും. ഊർജ്ജനഷ്ടം, മോഷണം,ഇവ കുറയ്ക്കാനും സബ്സിഡി ഇനത്തിലുള്ള യഥാർത്ഥ തുക വേർതിരിച്ചറിയാനും വൈദ്യുതി വില നിർണ്ണയം ശാസ്ത്രീയമായ കണക്കുകളുടെ അടിസ്ഥാനത്തിലാക്കാനും കഴിയും. ബോർഡിന്റെ പ്രവർത്തന മേഖല വിപുലീകരിച്ച് കൂടുതൽ വരവുണ്ടാക്കാനും ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും നൽകാനും കഴിയും. ബോർഡിന്റെ പ്രവർത്തനങ്ങളെ ക്രിയാത്മകമായി വിലയിരുത്തി, ജീവനക്കാരുടെ പങ്കാളിത്തത്തോടെ കണ്ടെത്തിയിട്ടുള്ള ആശയപരമായ മാറ്റങ്ങൾ പ്രാവർത്തികമാക്കി സ്ഥാപനത്തിന്റെ അന്തസ്സും പ്രതിച്ഛായയും മേന്മയുള്ളതാക്കുവാനും, വൈദ്യുതി ബോർഡിനെ സാമ്പത്തിക ഭദ്രതയുള്ള ഒരു പൊതുമേഖലാസ്ഥാപനമാക്കി ഉയർത്താനും ഈ പുന:സംഘടനകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം വൈദ്യുതി ലഭിക്കാനും അവർക്ക് വിശ്വസനീയമായ സേവനം ലഭിക്കാനും വ്യാവസായിക കാർഷിക രംഗങ്ങളിൽ നിലവിലുള്ളതിനെക്കാൾ വളർച്ച ഉണ്ടാക്കാനും അങ്ങനെ പൊതുവെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയിൽ സ്ഥായിയായ വികസനം ഉറപ്പാക്കാനും ഈ പുന:സംഘടന സഹായിക്കും.

(ഇ) ഉണ്ട്. ഇപ്പോൾ നിലവിലുള്ള സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഘട്ടംഘട്ടമായി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. കൂടാതെ ഇലക്ട്രോണിക് മീറ്ററുകൾ ഉപയോഗിക്കുന്നതും വ്യാപകമാക്കും

(എഫ്) & (ജി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ബോർഡിന്റെ പുന: സംഘടന എന്നത്തേയ്ക്കാകുമെന്ന് ഗവൺമെന്റിന് പറയാൻ കഴിയുമോ?. അതുപോലെ തന്നെ ബോർഡിന്റെ പുന:സംഘടന നടക്കുമ്പോൾ സ്വകാര്യ മേഖലയുടെ പങ്കാളിത്തം എന്ന കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണ് ?

ശ്രീ. എസ്. ശർമ്മ : സർ, ബോർഡിന്റെ പുന:സംഘടന ഏപ്രിൽ ആദ്യത്തോടു കൂടി ആരംഭിക്കും. അത് ഘട്ടംഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ബോർഡ് പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ടായിരിക്കും പുന:സംഘടന.

ശ്രീ. പി. സി. ജോർജ് : സർ, മറ്റ് പല സംസ്ഥാനങ്ങളിലും നൽകി വന്നിട്ടുള്ള താരിഫ് റെഗുലേറ്ററി കമ്മിഷൻ, അതിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം പരിശോധിച്ചു വരുന്നു എന്നാണ്. ആ പരിശോധന എന്നത്തേക്ക് പൂർത്തിയാക്കും; മറ്റ് സംസ്ഥാനങ്ങളൊക്കെ പ്രായോഗികമായി നടപ്പാക്കിയ ഒരു കമ്മിഷനാണ്. അത് ഈ സംസ്ഥാനത്തിലെ ഒരു തർക്കം തന്നെ ഒഴിവാക്കാൻ പറ്റുന്ന ഒരു കാര്യമാണ്. ആ നിലയ്ക്ക് താരിഫ് റെഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ?.

ശ്രീ. എസ്. ശർമ്മ : സർ, താരിഫ് റെഗുലേറ്ററി കമ്മിഷന്റെ രൂപീകരണത്തെ സംബന്ധിച്ചുള്ള തീരുമാനം എത്രയും വേഗം കൈക്കൊള്ളുന്നതാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, ബോർഡിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട് അതിനു വേണ്ടി നിശ്ചയിച്ച കർമ്മസമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചതായി മറുപടിയിൽ പറഞ്ഞതാണ്. ഏപ്രിൽ മാസം മുതൽ ബോർഡിന്റെ പുന:സംഘടന ആരംഭിക്കുന്നതായിട്ടും സൂചിപ്പിച്ചു. വളരെ ചുരുങ്ങിയ സമയം മാത്രമാണ് നമുക്കുള്ളത്. അതുകൊണ്ട് ഈ സമർപ്പിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?.

ശ്രീ. എസ്. ശർമ്മ : സർ, കർമ്മ സമിതികളുടെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അത് പരിശോധിക്കുന്നതിനു വേണ്ടി ഒരു അപ്പക്സ് ബോഡി രൂപീകരിച്ചിട്ടുണ്ട്. അപ്പക്സ് ബോഡിയുടെ പരിശോധനയിലാണ് കർമ്മ സമിതിയുടെ റിപ്പോർട്ട്. ഏറെ താമസിയാതെ അപ്പക്സ് ബോഡി പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ് : ഇലക്ട്രിസിറ്റി വകുപ്പിൽ സാധാരണക്കാരായ ജനങ്ങൾ ബന്ധപ്പെടുന്ന താഴെതട്ടിൽ ധാരാളം പരാതികൾ നിലനിൽക്കുന്നു. അതിന് കുറെ മാറ്റം വരുത്താനും പരിഹാരം ഉണ്ടാക്കുവാനും അടുത്ത നാളുകളിൽ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് സ്വാഗതാർഹമാണ്. അതൊടൊപ്പം ഈ പുന:സംഘടനകൊണ്ട് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ബോർഡിൽ നിന്നും ലഭ്യമാകുവാൻ ഇത് സഹായകമാവുമോ? അതിന് ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വിശദീകരിക്കാമോ?

ശ്രീ. എസ്. ശർമ്മ : മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും ഉല്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിൽ ഇന്നത്തേക്കാൾ കൂടുതൽ നേട്ടം കൈവരിച്ച് ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് സാധ്യമായ അളവിൽ പരാതിരഹിതമായി പ്രയോജനം ഉറപ്പുവരുത്തുന്നതിനാണ് അടിസ്ഥാനപരമായി ഈ പുന:സംഘടന കൊണ്ട് ലക്ഷ്യം വച്ചിട്ടുള്ളത്.

ശ്രീ. ആന്റണി രാജു : ബോർഡിന്റെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുവാനും ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കുവാനും വികേന്ദ്രീകരണത്തിലൂടെ കഴിയുമെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതായി മനസ്സിലാക്കുന്നു. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. എസ്. ശർമ്മ : റിപ്പോർട്ട് അപ്പെക്സ് ബോഡിയുടെ പരിശോധനയിലാണ്. അപ്പെക്സ് ബോഡിയുടെ പരിശോധനക്കുശേഷമേ പൂർണ്ണമായ നിഗമനത്തിലെത്താനാവൂ.

ശ്രീ. ആന്റണി രാജു : അടുത്തകാലത്ത് കേന്ദ്ര ഊർജ്ജ മന്ത്രിയുടെ പ്രസ്താവന എല്ലാ പത്രങ്ങളിലും വളരെ പ്രാധാന്യത്തോടെ വരികയുണ്ടായി. പത്തു ലക്ഷത്തിനുമേൽ ജനങ്ങളുടെ നഗരങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യമേഖലയ്ക്കു കൈമാറാൻ തയ്യാറാകാത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്ര പദ്ധതികളിൽ നിന്ന് വൈദ്യുതി നൽകുകയില്ലയെന്നാണ് മന്ത്രി ശ്രീ.പി.ആർ.കുമാരമംഗലം പ്രഖ്യാപിച്ചത്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിണ്ടോ? ഇതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : പത്രങ്ങളിൽ കണ്ടു. ഗവൺമെന്റിന്റെ മുമ്പിൽ രേഖാപരമായി വിവരങ്ങളൊന്നുമില്ല.

ഡോ. കെ. സി. ജോസഫ് : ജനറേഷൻ, ട്രാൻസ്മിഷൻ, ആന്റ് ഡിസ്ട്രിബ്യൂഷൻ എന്നീ മൂന്നു മേഖലകളാക്കി മാറ്റുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിലെ തന്നെ പ്രധാനപ്പെട്ട ഒരു വിഭാഗമായ സിവിൽ വിഭാഗത്തെ പൂർണ്ണമായും ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ. ഉണ്ടെങ്കിൽ ഇലക്ട്രിക്കൽ സിവിൽ വിഭാഗങ്ങൾ തമ്മിലുള്ള തർക്കമുണ്ടാവുമ്പോൾ ഈ പുന:സംഘടന വഴി ഗുണത്തേക്കാൾ ഏറെ ദോഷമുണ്ടാകാതിരിക്കത്തക്കവണ്ണം ഈ വ്യത്യസ്ത വിഭാഗങ്ങളെ തമ്മിൽ ആശയ ഐക്യത്തിലെത്തിക്കാൻ ഗവൺമെന്റ് മുൻകൈ എടുത്ത് ഒരു ശ്രമം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ഇലക്ട്രിക്കലിന്റെ ജോലി ഇലക്ട്രിക്കൽ വിഭാഗം നിർവഹിക്കും. സിവിലിന്റെ ജോലി സിവിൽ വിഭാഗങ്ങൾ നിർവഹിക്കും. ഇവർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകാതെ പരമാവധി അവരവരുടെ ഉത്തരവാദിത്വം അവരവരിൽ തന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് കൂട്ടായ്മയോടു കൂടി കൊണ്ടുപോകുന്നതിന് തീർച്ചയായും ഗവൺമെന്റ് മുൻകൈയെടുക്കുന്നതാണ്.

ഡോ. കെ. സി. ജോസഫ് : ഇലക്ട്രിക്കലിന്റെ ജോലി സിവിലും, സിവിലിന്റെ ജോലി ഇലക്ട്രിക്കലും ചെയ്യുകയില്ല. പക്ഷെ ബോർഡിൽ ഇപ്പോഴുള്ള ഘടനയനുസരിച്ച് ഇലക്ട്രിക്കൽ വിഭാഗത്തിന് ബോർഡിൽ പ്രാതിനിധ്യമുണ്ട്. സിവിൽ വിഭാഗത്തിൽ നിന്ന് സിവിൽ മെമ്പറുണ്ട്. ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് ഇലക്ട്രിക്കൽ മെമ്പറുണ്ട്. അക്കൗണ്ടിൽ നിന്ന് അക്കൗണ്ട്സ് മെമ്പറുണ്ട്. ഇപ്പോൾ ഈ പുന:സംഘടന വരുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ സിവിൽ വിഭാഗത്തിൽ നിന്നുള്ള പ്രാതിനിധ്യം ഉണ്ടാവുകയില്ല. അതുകൊണ്ട് സിവിൽ വിഭാഗത്തിന് വേണ്ടത്ര പരിഗണന ഉണ്ടാവുകയില്ല എന്നുള്ള ആക്ഷേപം ഉണ്ടാകുന്നത് സിവിൽ വിഭാഗത്തിന് അസംതൃപ്തി വളരുവാൻ ഇടയാക്കുകയില്ലേ. അതുകൊണ്ട് അതുകൂടി പരിഹരിക്കുവാൻ ശ്രമം നടത്തുമോ?

ശ്രീ. എസ്. ശർമ്മ : ബോർഡിന്റെ അംഗങ്ങളെ നിശ്ചയിക്കുന്നത് സിവിൽ എന്നോ ഇലക്ട്രിക്കൽ എന്നോ പ്രത്യേകം വിഭജിച്ചുകൊണ്ടല്ല. ഇപ്പോൾ നിലവിലുള്ള ബോർഡിൽ സിവിൽ എന്നുള്ള നിലയിൽ നോക്കുമ്പോൾ പ്രത്യേകിച്ച് ഒരു പ്രാതിനിധ്യം ഇപ്പോഴില്ല. നേരത്തെ ഉണ്ടായിരുന്നു. അങ്ങനെ എടുത്തു നോക്കുമ്പോൾ പ്രത്യേകിച്ച് തരംതിരിവോടുകൂടി കാണാതെ അതിന്റെയകത്ത് എഫിഷ്യൻസിയുള്ളവരുടെ സേവനം ബോർഡിന്റെ നേതൃത്വപരമായ പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിതായ ചില പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരികയും അത് പരിഹരിക്കാനുള്ള നിർദ്ദേശം ബോർഡിന് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഈ കർമ്മസമിതി അംഗങ്ങൾ ആരൊക്കെയാണെന്നറിയാൻ താൽപ്പര്യമുണ്ട്. അതൊടൊപ്പം ചെലവുകൂടിയ വൈദ്യുതി, ഡീസൽ നിലയങ്ങളിൽക്കൂടി വരുന്ന വൈദ്യുതി ചെലവാക്കിക്കാൻ വേണ്ടി ഉല്പ്പാദന ചെലവ് കുറഞ്ഞ വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നത് കുറയുന്നു വെന്നുള്ള ആരോപണം ജനങ്ങളുടെ ഇടയിൽ പരക്കെയുണ്ട്. ജനറേറ്ററുകൾ വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നില്ല എന്നുപറയുന്നു. അതിൽ വല്ല വാസ്തവവുമുണ്ടോ. ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : അത്തരം ഒരു പരാതിക്ക് അടിസ്ഥാനമില്ല.

ശ്രീ. എം.വി. ജയരാജൻ : വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് സെക്ഷൻ, മേജർ സെക്ഷൻ തുടങ്ങി ഇലക്ട്രിസിറ്റി ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും ജീവനക്കാരുടെ എണ്ണം

വർദ്ധിപ്പിക്കുവാനും അങ്ങനെ വൈദ്യുതി ബോർഡ് കൂടുതൽ കാര്യക്ഷമമാക്കുവാനും വേണ്ടി വല്ല നിർദ്ദേശവും കർമ്മസമിതിയുടെ റിപ്പോർട്ടുണ്ടോ? അത് ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. എസ്. ശർമ്മ : ബോർഡിന്റെ ഒട്ടാകെയുള്ള പ്രവർത്തനത്തിൽ കാര്യക്ഷമമായ പുരോഗതി എല്ലാ അർത്ഥത്തിലും വിഭാവനം ചെയ്തുകൊണ്ടുള്ള ഉള്ളടക്കമാണ് കർമ്മസമിതികളുടെ റിപ്പോർട്ടിൽ വന്നിട്ടുള്ളത്. ഇത് എപ്രകാരം സംയോജിപ്പിച്ച് പ്രായോഗികമാക്കാൻ കഴിയുമെന്നുള്ള നടപടിക്രമമാണ് ഇപ്പോൾ അപ്പെക്സ് ബോഡി പരിശോധിച്ചു വരുന്നത്. ജീവനക്കാരുടെ സ്ട്രെങ്ത്തിനെ സംബന്ധിച്ചിടത്തോളം വർക്ക്സ്റ്റഡി ആവശ്യമാണെന്ന് കാണുകയാണ്. അതെല്ലാം അപ്പെക്സ് ബോഡി പരിശോധിച്ച ശേഷമേ ഒരു തീരുമാനത്തിലെത്താൻ കഴിയൂ.

ശ്രീ. കെ. സി. ജോസഫ് : ചോദ്യം (എഫ്)ന്റെ ഉത്തരത്തിൽ താരിഫ് റെഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്നതിന് പരിഗണനയിലാണെന്ന് പറയുകയുണ്ടായി. 1998-ലെ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആക്ട് പ്രകാരം എല്ലാ സംസ്ഥാനങ്ങളും താരിഫ് റെഗുലേറ്ററി കമ്മിഷൻ രൂപീകരിക്കണമെന്നുള്ളത് ഒരു മാൻഡേറ്ററിയായിട്ടുള്ള പ്രൊവിഷനല്ലേ? അങ്ങയുടെ വൈദ്യുതി നയത്തിലും പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ എന്ത്കൊണ്ട് ഇത് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നു? കമ്മിഷൻ വേണ്ടായെന്നു വയ്ക്കാൻ സംസ്ഥാനങ്ങൾക്ക് അവകാശമില്ല. ആ നിലയ്ക്ക് ഈ നടപടികൾ നീട്ടിക്കൊണ്ടു പോകാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ശ്രീ. എസ്. ശർമ്മ : അതിന് വിശദമായ പരിശോധന ആവശ്യമായി വരുന്നുവെന്നുള്ളതാണ് നീണ്ടുപോകുന്നതിന് അടിസ്ഥാനം. കാരണം അവസാന വാക്ക് അതായിരിക്കും. റെഗുലേറ്ററി കമ്മിഷനായിരിക്കും താരിഫിനെ സംബന്ധിച്ചിടത്തോളം അവസാനവാക്ക്. ഗവൺമെന്റാകുമ്പോൾ ജനങ്ങളെ ബാധിക്കുന്ന ഗൗരവമായ പ്രശ്നമെന്ന നിലയിൽ അതിന്റെ സോഷ്യൽ ആസ്പെക്ടുകൂടി നോക്കുന്നത് സ്വാഭാവികമാണ്. ഏതു ഗവൺമെന്റായാലും അത് കാണേണ്ടിവരും അപ്പോൾ ഇതു തമ്മിൽ എപ്രകാരം കൂട്ടിമുട്ടാതെ, എന്നാൽ സയന്റിഫിക്കായിട്ട് ഇതെങ്ങനെ കൊണ്ടു പോകാൻ കഴിയുമെന്നുള്ളതിന്റെ നാനാവശങ്ങൾ പരിശോധിക്കുന്നതിനും അഭിപ്രായ സമന്വയത്തിൽ എത്തുന്നതിനും അനിവാര്യമായ ഘടകം ആവശ്യമാണ്. അതേയവസരത്തിൽ അധികം താമസിയാതെതന്നെ ഇതു സംബന്ധിച്ച് ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

പ്രൊഫ. എ. വി. താമരാക്ഷൻ : സംസ്ഥാനത്ത് ഒരു താരിഫ് റെഗുലേറ്ററി കമ്മിഷൻ രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ സംസ്ഥാനത്ത് അടുത്തക്കാലത്ത് ആരംഭിച്ച എല്ലാ വൈദുത പദ്ധതികളുടേയും ഉല്പാദനചെലവ് ഇരട്ടിയോ അതിലേറെയോ ആയി വർദ്ധിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ കമ്മിഷൻ വന്നു കഴിഞ്ഞാൽ ഇന്ന് ഉള്ളതിനേക്കാൾ വൈദ്യുതി ചാർജ്ജ് ഇരട്ടിയോ അതിലേറെയോ ആകാൻ സാധ്യതയുണ്ടെന്ന് ഗവൺമെന്റിനറിയാമോ? അത് ഈ സംസ്ഥാനത്തിന്റെ അടിത്തറ തന്നെ തകർക്കുമെന്ന കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : കമ്മിഷൻ വന്നാൽ എപ്രകാരമായിരിക്കും എന്നകാര്യം കമ്മിഷനുമാത്രമേ പറയാൻ കഴിയൂ. പക്ഷെ ബഹുമാനപ്പെട്ട അംഗം ചോദിച്ചതിൽ ഉല്പ്പാദന ചെലവു കൂടി വരുന്ന ഈ സാഹചര്യത്തിൽ ഇന്നുള്ള ചാർജ്ജ് വർദ്ധനവിനേക്കാൾ കൂടുതൽ ഏർപ്പെടുത്തേണ്ടി വരുമ്പോൾ സംസ്ഥാനത്തിന്റെ ജനജീവിതത്തെ ദോഷകരമായി ബാധിക്കുകയില്ലായെന്ന ചിന്തയിൽ നിന്നാണ് അപ്രകാരം ഒരു ചോദ്യം ഉയർന്നു വന്നിട്ടുള്ളത്.ഉല്പ്പാദന ജനറേഷൻ രംഗത്ത് ഇന്നിപ്പോൾ ചെലവുകൂടുന്നതിൽ ഒരു ഘടകം ഡീസൽ നിലയങ്ങളെ നമ്മൾ കൂടുതൽ ആശ്രയിക്കുക എന്നത് ഒരു ആവശ്യമായി തീർന്ന സാഹചര്യമാണ്. താരതമ്യേന ജലവൈദ്യുത പദ്ധതികളെ അപേക്ഷിച്ച് ഇതിന് ചെലവു കൂടുതലാണ്. എന്നാൽ ആ ഡീസൽ നിലയങ്ങൾ നിലനിൽക്കുമ്പോൾ തന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് അത് സഹായകമാവുകയും ചെയ്തിട്ടുണ്ട്. ഇന്ന് പവർകട്ടില്ലാത്ത ഏക തെക്കേ ഇൻഡ്യൻ സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് മാറാൻ കഴിഞ്ഞത് കായംകുളം, ബ്രഹ്മപുരം തുടങ്ങിയ ഡീസൽ നിലയങ്ങളിൽ നിന്ന് വൈദ്യുതി ഉല്പ്പാദിച്ചു കഴിഞ്ഞതിന്റെ ഫലമായിട്ടാണ്. ആവശ്യം ഒരു ഭാഗത്ത് പൂർണ്ണമായും നിറവേറ്റാൻ കഴിയുമ്പോൾ തന്നെ വലിയ വിലവരുന്നുവെന്നുള്ള ഗൗരവമായ സ്ഥിതി വിശേഷവുമുണ്ടാകുന്നുണ്ട്. അതുകൊണ്ട് തുടർന്നുള്ള ആക്ഷൻ പ്ലാനിൽ പ്രധാനമായും ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിന് ഊന്നൽ നൽകിക്കൊണ്ട് ഇപ്പോൾ സംഭവിച്ചിട്ടുള്ളത് ഭാവിയിൽ ഉള്ള ആവശ്യം നിറവേറ്റി എങ്ങനെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നുള്ള ലക്ഷ്യം വച്ചായിരിക്കും ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്.

മി. സ്പീക്കർ : ചോദ്യം നമ്പർ 33.

കേന്ദ്ര വിഹിത വൈദ്യുതി

3 (*33) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴക്കൻ മേഖലയിൽ നിന്നും ദക്ഷിണമേഖലയ്ക്ക് ലഭ്യമാകുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് കേരളത്തിന് അർഹമായ കേന്ദ്രവിഹിതമെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വിഹിതത്തിൽ ഓരോ വർഷവും കേരളത്തിന് ലഭിച്ച വൈദ്യുതിയുടെ അളവ് സംബന്ധിച്ച വിശദാംശം നല്കാമോ;

(സി) അർഹതപ്പെട്ട വിഹിതത്തിന് പുറമേ എപ്പോഴെങ്കിലും അധിക വൈദ്യുതി ഏതെങ്കിലും മേഖലയിൽ നിന്നും വാങ്ങുകയുണ്ടായോ ;

(ഡി) എങ്കിൽ ആ മേഖലയിൽ നിന്നും ആ കാലയളവിൽ അർഹതപ്പെട്ട വിഹിതം എത്ര യൂണിറ്റ് വീതം ലഭിച്ചു എന്നും, അധികമായി എത്ര യൂണിറ്റ് വീതം വാങ്ങിയെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly